അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു. പേറ്റന്റുകൾക്ക് ഒരു ലക്ഷം രൂപയും സർട്ടിഫിക്കറ്റും നൽകുവാൻ ഉദ്ദേശിക്കുന്നു. വിദഗ്ദ്ധർ അടങ്ങുന്ന ഒരു കമ്മിറ്റിയായിരിക്കും അവാർഡുകൾ ലഭിക്കുന്നവരെ തീരുമാനിക്കുക. വിദ്യാർത്ഥികൾ തയ്യാറാക്കുന്ന വ്യാവസായിക പ്രാധാന്യമുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇന്നവേഷൻ പ്രൊമോഷൻ സ്കീം. സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ജില്ലാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന മികവുറ്റ ആശയങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇതിന് മേൽനോട്ടം വഹിക്കുന്ന അദ്ധ്യാപകൻ അടങ്ങുന്ന ഓരോ ടീമിനും നമ്മുടെ രാജ്യത്തിലെ വ്യവസായ നഗരങ്ങളും വ്യവസായ സ്ഥാപനങ്ങളും സന്ദർശിക്കുന്നതിന് അവസരമൊരുക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

(ബി) തയ്യാറായിക്കഴിഞ്ഞു. എക്സലൻസ് പ്രൊമോഷൻ സ്കീം, ഇന്നവേഷൻ പ്രൊമോഷൻ സ്കീം കൂടാതെ പുതുതായി അദ്ധ്യാപന സേവനത്തിനായി പ്രവേശിപ്പിച്ചിട്ടുള്ളവർക്കായുള്ള നൂതന പരിശീലന പദ്ധതികളും ഉൾക്കൊള്ളുന്ന ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് പരിപാടിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. ഇത് നടപ്പിലാക്കുന്നതിനായി ഒരു കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. അദ്ധ്യാപക പരിശീലന പരിപാടികൾക്കായുള്ള ഒരു വിഭാഗം രൂപീകരിക്കുന്നതാണ്. അദ്ധ്യാപന-ഗവേഷണ പരിശീലനങ്ങൾ നയിച്ച് പ്രാവീണ്യം തെളിയിച്ച ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ മുൻ പ്രൊഫസർ എൻ.ജെ. റാവുവാണ് ഇത് നയിക്കുക. ഇതിനായി രണ്ടുവട്ടം ചർച്ച നടത്തുകയുണ്ടായി.

(സി) ആദ്യഘട്ടത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ്/ എഞ്ചിനീയറിംഗ് കോളേജുകളിലും, സർവ്വകലാശാല വകുപ്പുകളിലും നടപ്പിലാക്കുന്ന ഈ പ്രോഗ്രാം അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സി.ഡിറ്റ് നിർമ്മിക്കുന്ന ഹ്രസ്വ ചിത്രം പ്രസ്തുത കോളേജുകളിൽ പ്രദർശിപ്പിക്കുകയും വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പ്രചരണം നൽകുകയും ചെയ്യുന്നതായിരിക്കും.

**പൊതുവിദ്യാഭ്യാസവകുപ്പിലെ സൂപ്പർചെക്ക് സെല്ലുകളുടെ പ്രവർത്തനം**

9 (*99) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എത്ര സൂപ്പർ ചെക്ക് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട് ; എവിടെയെല്ലാം ; ഇവയുടെ അധികാരപരിധി നിശ്ചയിച്ചിട്ടുള്ളത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സെല്ലുകളുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സെല്ലുകൾ കഴിഞ്ഞ രണ്ടു വർഷമായി പ്രവർത്തിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) സൂപ്പർ ചെക്ക് ഇല്ലാതിരുന്നതിനാൽ സംസ്ഥാനത്ത് വ്യാജ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇങ്ങനെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതായിട്ടാണ് വിവരം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത എത്ര സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : (എ) രണ്ട് സൂപ്പർചെക്ക് സെല്ലുകളാണ് ഡി.പി.ഐ.യുടെ കീഴിൽ പ്രവർത്തിക്കുന്നത് തിരുവനന്തപുരത്തും കോഴിക്കോടും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകൾ തിരുവനന്തപുരം സൂപ്പർചെക്ക് ആഫീസറുടെ അധികാരപരിധിയിലും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള വിദ്യാഭ്യാസ ജില്ലകൾ കോഴിക്കോട് സൂപ്പർചെക്ക് ആഫീസറുടെ പരിധിയിലുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010-2011-ലെ സ്റ്റാഫ് ഫിക്സേഷൻ ആണ് നിലവിൽ തുടർന്നുവരുന്നത്. അതിനാൽ സ്കൂൾ സന്ദർശിച്ച് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തി സ്റ്റാഫ് ഫിക്സേഷൻ നടത്താറില്ല.

(ഡി) 531 സ്കൂളുകൾ

### സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന സംവിധാനങ്ങൾ

10 (*T 100) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന സംവിധാനങ്ങൾ എന്തൊക്കെ ; വിശദമാക്കുമോ ;

(ബി) ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കാമോ ;

(സി) മലയാളികളായ വിദ്യാർത്ഥികൾക്കായി ന്യൂഡൽഹിയിൽ കേരള ഹൗസിനോടനുബന്ധിച്ച് സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ ?

---

"T" മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly